''ഭരണഭാഷ-മാതൃഭാഷ''

നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 26-06-2019

## പരിപത്രം

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനം - 'സമന്വയ'വഴിയുള്ള തസ്തികനിർണയം 2019-20 - മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന :
1) 31-05-2019 ലെ സ.ഉ (കൈ) 51/2019/പൊ.വി.വ
2) 18-06-2019 ലെ സ.ഉ (കൈ) 63/2019/പൊ.വി.വ
3) ഈ കാര്യാലയത്തിൽ നിന്നുള്ള 16-05-2019 ലെ ഇതേ നമ്പർ കത്ത്
4) ഈ കാര്യാലയത്തിൽ നിന്നുള്ള 04-06-2019 ലെ ഇതേ നമ്പർ കത്ത്
5) ഈ കാര്യാലയത്തിൽ നിന്നുള്ള 10-06-2019 ലെ ഇതേ നമ്പർ കത്ത്
6) ഈ കാര്യാലയത്തിൽ നിന്നുള്ള 14-06-2019 ലെ ഇതേ നമ്പർ പരിപത്രം
7) ഈ കാര്യാലയത്തിൽ നിന്നുള്ള 18-06-2019 ലെ ഇതേ നമ്പർ കത്ത്
8) ഈ കാര്യാലയത്തിൽ നിന്നുള്ള 19-06-2019 ലെ ഇതേ നമ്പർ കത്ത്
9) ഈ കാര്യാലയത്തിൽ നിന്നുള്ള 16-06-2018 ലെ പരിപത്രം എച്ച്2/21500/2018/ഡി.പി.ഐ

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ തസ്തികനിർണയവും എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും 2019-20 വർഷം മുതൽ 'സമന്വയ' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺലൈനായി നിർവഹിക്കാൻ സൂചന (1) ലെയും (2) ലെയും ഉത്തരവുകൾ പ്രകാരം നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം സംബന്ധിച്ച വിശദമായ മാർഗനിർദേശങ്ങൾ സൂചന (6) ലെ പരിപത്രത്തിലൂടെ പുറപ്പെടുവിച്ചു. തുടർന്ന് വിദ്യാഭ്യാസ ഓഫീസുകളിൽ 'സമന്വയ' വഴി നിയമനാംഗീകാരം നൽകിത്തുടങ്ങിയിട്ടുമുണ്ട്.

'സമന്വയ'യിലെ രണ്ടാമത്തെ മൊഡ്യൂളായ 'തസ്തികനിർണയം' ഇപ്പോൾ പൂർണ സജ്ജമായിട്ടുണ്ട്. ഇതിന്റെ എല്ലാ തലങ്ങളിലുമുള്ള പരിശീലനവും പൂർത്തിയായി. ആയതിനാൽ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 2019-20 വർഷത്തെ തസ്തികനിർണയം 'സമന്വയ' വഴി യഥാസമയം പൂർത്തീകരിക്കുക എന്നതാണ് ഇനി നമ്മുടെ മുന്നിലുള്ള പ്രധാന ജോലി. അതിനായി താഴെപറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) **2019-20 വർഷം 'സമന്വയ' വഴിയല്ലാതെ മാന്വലായി തസ്തികനിർണയം നടത്തേണ്ട സ്കൂളുകൾ**

ഈ വർഷം തസ്തികനിർണയത്തിന് 'സമന്വയ'യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഏതാനും വിഭാഗങ്ങളിലെ സ്കൂളുകളുടെ തസ്തികനിർണയം മുൻവർഷത്തെപ്പോലെ മാന്വലായി നടത്തി ജൂൺ മാസത്തിൽ തന്നെ ഉത്തരവ് പുറപ്പെടുവിക്കാൻ സൂചന (8) ലെ കത്ത് വഴി നിർദേശം നൽകിയിരുന്നു. ഇതിനോടൊപ്പം സംസ്ഥാനത്തെ ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിലെ ഈ വർഷത്തെ തസ്തികനിർണയം കൂടി മാന്വലായി ചെയ്യേണ്ടതാണ്. ഇവ കൂടാതെ മറ്റേതെങ്കിലും സ്കൂളുകളുടെ തസ്തികനിർണയം എന്തെങ്കിലും കാരണവശാൽ 'സമന്വയ' വഴി നിർവഹിക്കാൻ കഴിയുന്നില്ലെങ്കിൽ അവയും മാന്വലായി തന്നെ ചെയ്യേണ്ടതാണ്. വരും വർഷം ഇവയെല്ലാം 'സമന്വയ'യിൽ തന്നെ ഉണ്ടാകും.

2) **'സമന്വയ' വഴിയുള്ള തസ്തികനിർണയം 2019-20 - പ്രഥമാധ്യാപകർ ചെയ്യേണ്ടത്**

**https://samanwaya.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ സമ്പൂർണയുടെ യൂസർ നെയിമും പാസ്‌വേർഡും ഉപയോഗിച്ചാണ് പ്രഥമാധ്യാപകർ ലോഗിൻ ചെയ്യേണ്ടത്. **ജൂൺ 26-ാം തീയതി മുതൽ പ്രഥമാധ്യാപകർക്ക് ഈ സൗകര്യം ലഭ്യമാണ്.** പ്രഥമാധ്യാപകർ സൈറ്റിൽ ലോഗിൻ ചെയ്യുമ്പോൾ താഴെപറയുന്ന 4 ടാബുകൾ കാണാം.

i) 6th working day strength

ഇത് 2019-20 വർഷത്തെ ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ വിശദാംശങ്ങളാണ്. പ്രഥമാധ്യാപകർ തന്നെ നൽകിയ വിവരങ്ങളാണിവ. ഇത്

ആറാം സാധ്യായ ദിനത്തിൽ തന്നെ ലോക്ക് ചെയ്യപ്പെട്ടതുമാണ്. ഈ ടാബിലുള്ള വിവരങ്ങൾ പ്രഥമാധ്യാപകർ കൺഫേം ചെയ്യണം.

ii) Staff Statement

സ്കൂളിലെ ജീവനക്കാരുടെ വിശദാംശങ്ങളാണ് ഇതിൽ രേഖപ്പെടുത്തേണ്ടത്. ഇതിനായി Sync from Sampoorna എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക. ഇതോടെ സ്പാർക്ക് വഴി സമ്പൂർണയിൽ ഉൾപ്പെടുത്തിയിട്ടുള്ള ജീവനക്കാരുടെ ലിസ്റ്റ് ലഭിക്കും. ഇത് വിശദമായി പരിശോധിച്ച് ഓരോരുത്തരുടെയും ഉദ്യോഗപ്പേര്, സേവനം ആരംഭിച്ച തീയതി, മുൻകാല സേവനം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയ എല്ലാ ഫീൽഡുകളും സേവനപുസ്തകവുമായി ഒത്തു നോക്കി ശരിയെന്നു ബോധ്യപ്പെട്ട് രേഖപ്പെടുത്തണം. **ജീവനക്കാരുടെ വിവരങ്ങൾ കാറ്റഗറി തിരിച്ച്, സീനിയോറിറ്റി ക്രമത്തിലാണ് എഡിറ്റ് ചെയ്യേണ്ടത്.** ജീവനക്കാരുടെ സേവനം സംബന്ധിച്ച വിവരങ്ങൾ ഒരിക്കൽ രേഖപ്പെടുത്തി കൺഫേം ചെയ്തു കഴിഞ്ഞാൽ പിന്നീട് എഡിറ്റു ചെയ്യാൻ സാധിക്കുന്നതല്ല എന്നതിനാൽ ഇക്കാര്യത്തിൽ പ്രഥമാധ്യാപകർ പരമാവധി ശ്രദ്ധ പുലർത്തേണ്ടതാണ്. പ്രഥമാധ്യാപകൻ സ്റ്റാഫംഗങ്ങളുടെ വിശദാംശങ്ങൾ ചേർക്കുമ്പോൾ/എഡിറ്റ് ചെയ്യുമ്പോൾ താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- സ്റ്റാഫ് ലിസ്റ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത് സ്പാർക്ക് മുഖേന ലഭിക്കുന്ന ഡാറ്റ ആയതിനാൽ 'സമന്വയ'യിലെ അവരുടെ ശരിയായ തസ്തിക തിരഞ്ഞെടുത്ത് ടി ജീവനക്കാരുടെ സേവനം സംബന്ധിച്ച വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തണം.
- എയ്ഡഡ് സ്കൂളിലെ അധ്യാപകരുടെ തുടർച്ചയായ സേവനം ആരംഭിച്ച തീയതി എന്ന ഫീൽഡിൽ അവരുടെ നിലവിലുള്ള തസ്തികയിലെ തുടർച്ചയായ സേവനത്തീയതിയാണ് രേഖപ്പെടുത്തേണ്ടത്. മുൻകാല സർവീസ് കാലയളവ് ആയതിനുള്ള കോളത്തിൽ ചേർക്കണം.
- സർക്കാർ സ്കൂളിലെ അധ്യാപകരുടെ കാറ്റഗറി അടിസ്ഥാനപ്പെടുത്തിയുള്ള സീനിയോറിറ്റി അനുസരിച്ചാകണം അവരുടെ സേവന വിവരങ്ങൾ രേഖപ്പെടുത്തേണ്ടത്. അവരുടെ നിയമനരീതി (പി.എസ്.സി, ഐ.ഡി.റ്റി, ബൈ ട്രാൻസ്ഫർ, പ്രൊമോഷൻ, ആശ്രിത നിയമനം, മുതലായവ) സംബന്ധിച്ച കോളം നിർബന്ധമായും സേവനപുസ്തകം നോക്കിത്തന്നെ പൂരിപ്പിക്കേണ്ടതാണ്. നിയമനരീതി അന്തർജില്ലാ സ്ഥലം മാറ്റമാണെങ്കിൽ നിലവിലുള്ള ജില്ലയിൽ സേവനം ആരംഭിച്ച തീയതി മാത്രമേ രേഖപ്പെടുത്തേണ്ടതുള്ളൂ. മറ്റൊരു ജില്ലയിൽ സർക്കാർ സർവീസിൽ തുടർന്നു വരവെ നിലവിലെ ജില്ലയിൽ പി.എസ്.സി മുഖേന പുതിയ നിയമനം ലഭിച്ചാലും നിലവിലെ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയാണ് ചേർക്കേണ്ടത്.
- മാതൃവിദ്യാലയത്തിൽ തസ്തിക നഷ്ടപ്പെട്ട് മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിക്കപ്പെട്ട (ഡിപ്ലോയ്ഡ്) അധ്യാപകരുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടത് മാതൃവിദ്യാലയത്തിലെ പ്രഥമാധ്യാപകനാണ്. ടിയാളെ ഏത് സ്കൂളിലേക്കാണോ പുനർവിന്യസിച്ചിരിക്കുന്നത് ആ സ്കൂളിലെ സ്റ്റാഫ് ലിസ്റ്റിൽ Deployed from എന്ന ടാബിൽ ടിയാൾമാരുടെ വിവരം ലഭ്യമാണ് എന്ന് ടി. സ്കൂളിലെ പ്രധാനാധ്യാപകൻ ഉറപ്പുവരുത്തേണ്ടതാണ്. ടി. അധ്യാപകരുടെ വിവരം പുനർവിന്യസിക്കപ്പെട്ട വിദ്യാലയത്തിലെ പ്രഥമാധ്യാപകൻ എന്റർ ചെയ്യേണ്ടതില്ല എന്നു പ്രത്യേകം ശ്രദ്ധിക്കുക. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെയും വർക്ക് അറേഞ്ച് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരെയും അവർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ അല്ലെങ്കിൽ ഓഫീസിന്റെ വിശദാംശങ്ങളും മാതൃവിദ്യാലയത്തിലെ പ്രഥമാധ്യാപകൻ തന്നെ രേഖപ്പെടുത്തേണ്ടതാണ്.

- അധ്യാപക പാക്കേജ് വഴി പൂളിംഗ് വ്യവസ്ഥയിൽ ക്ലബ് ചെയ്യപ്പെട്ട സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം സംബന്ധിച്ച് വിശദാംശങ്ങൾ, ടിയാളുടെ ശമ്പളം വിതരണം ചെയ്യുന്ന സ്കൂളിലെ പ്രഥമാധ്യാപകനാണ് രേഖപ്പെടുത്തേണ്ടത്.
- അധ്യാപക പാക്കേജ് വഴി ബി.ആർ.സി കളിലും സി.ആർ.സി കളിലും ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ആയി ജോലി ചെയ്യുന്നവരുടെയും വിശദാംശങ്ങൾ മാതൃവിദ്യാലയത്തിലെ പ്രഥമാധ്യാപകൻ രേഖപ്പെടുത്തേണ്ടതാണ്.
- നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരുടെ വിശദാംശങ്ങൾ Add new school staff എന്ന ബട്ടണിൽ ക്ലിക്ക് ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്.
- മതിയായ കുട്ടികൾ ഇല്ലാത്ത സ്കൂളിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിച്ചവരുടെ വിവരം അനുവദനീയ തസ്തികയിൽ തന്നെ ഉൾക്കൊള്ളിക്കേണ്ടതാണ്.
- പെൻ നമ്പർ ലഭിക്കാത്ത അധ്യാപകർക്ക് അത് ചേർക്കേണ്ടതില്ല.

3) <u>Plan and Fitness Certificate</u>

സ്കൂൾ കെട്ടിടങ്ങളുടെ ഈ വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, പ്ലാൻ എന്നിവ ഈ ടാബ് വഴി അപ്‌ലോഡ് ചെയ്ത് കൺഫേം ചെയ്യണം.

4) <u>Re-admission and Strength details</u>

സ്കൂളിൽ യു.ഐ.ഡി/ഇ.ഐ.ഡി ഇല്ലാത്ത വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ മാത്രമേ ഈ ഫീൽഡ് ദൃശ്യമാവുകയുള്ളൂ. അങ്ങനെയുള്ള കുട്ടികൾ ഉണ്ടെങ്കിൽ അവരെ സംബന്ധിച്ച സത്യപ്രസ്താവന ക്ലാസ് തിരിച്ച്, ക്ലാസ് ടീച്ചറും പ്രഥമാധ്യാപകനും ഒപ്പിട്ട്, സ്കാൻ ചെയ്ത് ഒറ്റ പി.ഡി.എഫ് ഫയലാക്കി (ഇവിടെ ഒന്നിലധികം പി.ഡി.എഫ് ഫയൽ അയക്കാൻ കഴിയില്ല) അപ്‌ലോഡ് ചെയ്ത് കൺഫേം ചെയ്യണം. ആറാം സാധ്യായ ദിനം വരെ റീ-അഡ്മിഷൻ നേടിയിട്ടുള്ള കുട്ടികളുടെ എണ്ണം ക്ലാസ് തിരിച്ച് രേഖപ്പെടുത്തണം.

ഇത്രയും ജോലികൾ പൂർത്തിയാക്കി കഴിഞ്ഞാൽ Preview option ഉപയോഗിച്ച് രേഖപ്പെടുത്തിയ വിവരങ്ങൾ ശരിയാണോയെന്ന് അതീവ ശ്രദ്ധയോടെ പരിശോധിക്കണം. തെറ്റുണ്ടെങ്കിൽ എഡിറ്റ് ചെയ്ത് ശരിയാക്കണം. സമർപ്പിക്കുന്ന വിവരങ്ങൾ പൂർണമായും ശരിയാണെന്നുറപ്പു വരുത്തി മാത്രമേ സബ്മിറ്റ് ചെയ്യാവൂ.

<u>**പ്രൈമറി സ്കൂളുകളും തസ്തികകൾ കുറവുള്ള ഹൈസ്കൂളുകളും 27-06-2019 വൈകീട്ട് 5 മണിക്ക് മുമ്പും മറ്റ് ഹൈസ്കൂളുകൾ 29-06-2019 ന് മുമ്പും മേൽ പറഞ്ഞ പ്രവർത്തനങ്ങൾ പൂർത്തിയാക്കി വിവരങ്ങൾ സമർപ്പിച്ചിരിക്കണം.**</u>

<u>**പ്രഥമാധ്യാപകർ വിവരങ്ങൾ സമർപ്പിച്ചാലുടൻ തന്നെ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ തസ്തികനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കണം. ജൂലൈ ആദ്യ വാരത്തിൽ തന്നെ അത് പൂർത്തിയാക്കാനും ജൂലൈ പത്തോടെ സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസ ഉത്തരവ് പുറപ്പെടുവിക്കാനും നമുക്ക് കഴിയണം.**</u>

'സമന്വയ'യുടെ ആദ്യ വർഷമാണിത്. കുട്ടികളുടെ എണ്ണത്തിനനുസൃതമായ ഡിവിഷനുകളും തസ്തികകളുമൊക്കെ 'സമന്വയ'യിൽ ലഭ്യമാകും. എങ്കിലും മുൻവർഷം അനുവദിക്കപ്പെട്ടിരുന്ന തസ്തികകളോ, മുൻവർഷത്തെ അക്കൊമഡേഷൻ സൗകര്യങ്ങളോ അതിലില്ല. <u>**ആയതിനാൽ 2019-20 വർഷത്തെ അക്കൊമഡേഷൻ സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതം അർഹമായ ഡിവിഷനുകളും തസ്തികകളും അനുവദിക്കാൻ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്.**</u>

എച്ച്.എസ്.റ്റി (മലയാളം) തസ്തിക അനുവദിക്കുമ്പോൾ 15-05-2004 ലെ ജി.ഒ (എം.എസ്) നമ്പർ 135/2004/പൊ.വി.വ പ്രകാരമുള്ള ആനുകൂല്യം (സംസ്കൃതം, അറബ്, ഉർദു തുടങ്ങിയ ഭാഷകൾ പഠിക്കുന്ന കുട്ടികളുടെ എണ്ണം എച്ച്.എസ്.റ്റി (മലയാളം) തസ്തിക അനുവദിക്കുന്നതിന് കണക്കിലെടുക്കരുത് എന്ന നിബന്ധന 2001-02 വരെ റഗുലർ സർവീസിൽ പ്രവേശിച്ചവർക്ക് ബാധകമല്ലെന്ന വ്യവസ്ഥ) 'സമന്വയ'യിൽ ചേർത്തിട്ടില്ല.

ഏതെങ്കിലും സ്കൂളിൽ അത്തരം കേസുകൾ ഉണ്ടെങ്കിൽ വിവരം നോട്ടിൽ രേഖപ്പെടുത്തി അർഹമായ തസ്തിക അനുവദിക്കാവുന്നതാണ്.

ഗ്രൂപ്പ് 'സി' ഡൈവെർഷൻ വഴിയുള്ള ഫുൾടൈം തസ്തികയും 'സമന്വയ'യിൽ ചേർത്തിട്ടില്ല. 2010-11 വർഷം വരെ ഗ്രൂപ്പ് 'സി' ഡൈവെർഷൻ വഴി ഫുൾടൈം തസ്തിക സൃഷ്ടിക്കുകയും അത്തരം തസ്തികയിൽ അധ്യാപകൻ ഇപ്പോൾ തുടരുകയും ചെയ്യുന്നെങ്കിൽ പ്രസ്തുത തസ്തിക അനുവദിക്കുന്ന വിവരം നോട്ടിൽ രേഖപ്പെടുത്തി അത് അനുവദിക്കാവുന്നതാണ്. (04-11-2010 ലെ ജി.ഒ (എം.എസ്) നമ്പർ 220/2010/പൊ.വി.വ കാണുക.)

'സമന്വയ'യിൽ നിന്ന് തസ്തികനിർണയ ഉത്തരവ് ജനറേറ്റ് ചെയ്യപ്പെടുമെങ്കിലും അതിന്റെ റിമാർക്സ് പേജിൽ (Appendix II) വിവരങ്ങൾ ടൈപ്പ് ചെയ്ത് ചേർക്കേണ്ടത് അതാത് ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരാണ്. സൂചന (9) പരിപത്രത്തിലെ (2018-19 വർഷത്തെ തസ്തികനിർണയം) ഖണ്ഡിക 12-ൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങളിൽ പ്രസക്തമായവ ഓരോ തസ്തികനിർണയ ഉത്തരവിന്റെയും റിമാർക്സ് പേജിൽ ഉണ്ടായിരിക്കണം. (സർക്കുലർ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിലുണ്ട്.)

ഈ വർഷത്തെ തസ്തികനിർണയവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സം ഉണ്ടാവുകയാണെങ്കിൽ അതാത് ജില്ലാ നോഡൽ ഓഫീസർമാരെയും, ജില്ലയുടെ ചുമതലയുള്ള അഡ്മിൻമാരെയും ബന്ധപ്പെട്ട് ഉടൻ പരിഹാരം കാണേണ്ടതാണ്. 'സമന്വയ'യുടെ സർവതല സ്പർശിയായ യൂസർഗൈഡ് സൈറ്റിൽ തന്നെ ലഭ്യമാണ്. അത് നന്നായി പഠിച്ച് കാര്യങ്ങൾ ചെയ്യുകയാണെങ്കിൽ സാങ്കേതിക തടസ്സങ്ങൾ ഒന്നും ഉണ്ടാകാനിടയില്ല.

'സമന്വയ'യുടെ വളർച്ചയിൽ കൈറ്റിലെ സാങ്കേതിക വിദഗ്ദ്ധരും, സംസ്ഥാന, ജില്ലാ നോഡൽ ഓഫീസർമാരും, അഡ്മിൻമാരും, ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ മാസ്റ്റർ ട്രെയ്നർമാരും, ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാരും വഹിക്കുന്ന പങ്ക് അഭിനന്ദനീയവും മാതൃകാപരവുമാണ്. ഈ ടീമിന്റെ ഒരുമയോടെയുള്ള പ്രവർത്തനം തന്നെയാണ് 'സമന്വയ'യുടെ ചാലകശക്തി. അത് എക്കാലവും അപ്രകാരം നിലനിൽക്കുകയും വേണം.

2019-20 ലെ തസ്തികനിർണയവും പുനർവിന്യാസവും ജൂലൈ 10 ന് മുമ്പ് പൂർത്തിയാക്കുന്നതിന് ഏവരുടെയും നിസ്സീമമായ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്നഭ്യർത്ഥിക്കുന്നു. തിളക്കമാർന്ന ഒരു അക്കാദമിക വർഷത്തിന്റെ പിറവിക്ക് നമ്മുടെ 'സമന്വയ' കാരണമാകട്ടെ.

**ജീവൻബാബു കെ ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

സ്വീകർത്താക്കൾ :

1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
3) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും/സ്കൂൾ മാനേജർമാർക്കും (വെബ്സൈറ്റ്/വിദ്യാഭ്യാസ ഓഫീസർ മുഖാന്തരം)

പകർപ്പ് :

1) പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ സി.എ
2) എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
3) സൂപ്പർചെക്ക് സെൽ ഓഫീസർ, തിരുവനന്തപുരം/കോഴിക്കോട്
4) ഡയറക്ടറേറ്റിലെ ഇ.റ്റി, ഇ.എം, ഇ.സി, എഫ്, ജി, ആർ.എ, എസ്.സി സെക്ഷൻ സൂപ്രണ്ടുമാർക്കും യൂണിറ്റ് ഓഫീസർമാർക്കും
5) കരുതൽ ഫയൽ